ഈ ഡിവിഷൻ തന്നെയാണ് വയനാട് ജില്ലയിലെ എല്ലാ വൈദ്യുത പദ്ധതികളുടെയും പ്രാഥമിക സർവ്വേ പഠനങ്ങളും, ജലസ്രോതസ്സുകളുടെ അന്വേഷണവും നടത്തുന്നത്. കൂടാതെ അന്തർ സംസ്ഥാന നദീതടങ്ങളിലെ പര്യവേഷണവും ഈ ഡിവിഷൻ മുഖേന സാദ്ധ്യമാണ്.

വൈദ്യുത സെക്ഷൻ ഓഫീസുകൾ തുറക്കുന്ന നടപടി

93(996) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുത സെക്ഷൻ ആഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അഴൂർ പഞ്ചായത്ത് മൂന്ന് വൈദ്യുത സെക്ഷനാഫീസുകൾക്ക് കീഴിലായതിനാൽ വൈദ്യുതി ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെരുങ്ങുഴിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലുണ്ടോ ;

(ഡി) ഈ സെക്ഷൻ ആഫീസ് ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30 സെക്ഷൻ ആഫീസുകളും 25 മേജർ സെക്ഷനുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) സർക്കാർ പ്രഖ്യാപിച്ച പവർ പോളിസി അനുസരിച്ചുള്ള ബോർഡിന്റെ പുന:സംഘടന നടപ്പാക്കിക്കഴിഞ്ഞു മാത്രമേ ഇനി ബോർഡ് പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുള്ളൂ.

കെ. എസ്. ഇ. ബി. കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക്

94(997) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് ഏത് വിഭാഗത്തിൽപ്പെടുത്തിയാണ് ചാർജ്ജ് ഈടാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94(997) ദയവായി കാണുക]

എൽ.റ്റി. VII (എ) - ഇവ 1000 വാട്ട്സിനുമേൽ കണക്ടഡ് ലോഡുള്ള കച്ചവട സ്ഥാപനങ്ങൾ, 2000 വാട്സിനുമേലുള്ള ഹോട്ടലുകൾ മുതലായവ യ്ക്കുള്ളതാണ്. ഇവയുടെ എനർജി ചാർജ് താഴെപ്പറയും പ്രകാരമാണ്.

100 യൂണിറ്റ് വരെ	-	450 പൈസ
101 മുതൽ 200 യൂണിറ്റ് വരെ	-	500 പൈസ
201 മുതൽ 300 യൂണിറ്റ് വരെ	-	555 പൈസ
301 മുതൽ 500 യൂണിറ്റ് വരെ	-	600 പൈസ
501 യൂണിറ്റ് മേൽ	-	660 പൈസ

എൽ.റ്റി. VII (ബി) - 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള കടകൾ, ബാങ്കുകൾ, റസ്റ്റോറന്റുകൾ മുതലായവയ്ക്കുള്ളതാണ്. ഇവയുടെ എനർജി ചാർജ് താഴെപറയും പ്രകാരമാണ്.

100 യൂണിറ്റ് വരെ	-	195 പൈസ
100 യൂണിറ്റ് മുകളിൽ	-	465 പൈസ

എൽ.റ്റി. VII (സി) - 2000 വാട്ട്സിനു മുകളിൽ കണക്ടഡ് ലോഡുള്ള സ്പോട്ട്സ്/ ആർട്സ് ക്ലബ്ബുകൾ. അവയുടെ എനർജി ചാർജ് -

1000 യൂണിറ്റ് വരെ	-	350 പൈസ
1000 യൂണിറ്റ് മുകളിൽ	-	470 പൈസ

2000 വാട്ട്സിനു താഴെയുള്ള പ്രസ്തുത സ്ഥാപനങ്ങളെ എൽ.റ്റി. I (ബി)-യിൽപ്പെടുത്തിയിരിക്കുന്നു.

എനർജി ചാർജ്

40 യൂണിറ്റ് വരെ	-	105 പൈസ/യൂണിറ്റ്
41 മുതൽ 80 യൂണിറ്റ് വരെ	-	150 പൈസ/യൂണിറ്റ്
81 മുതൽ 120 യൂണിറ്റ് വരെ	-	165 പൈസ/യൂണിറ്റ്
121 മുതൽ 150 യൂണിറ്റ് വരെ	-	195 പൈസ/യൂണിറ്റ്
151 മുതൽ 200 യൂണിറ്റ് വരെ	-	245 പൈസ/യൂണിറ്റ്
201 മുതൽ 300 യൂണിറ്റ് വരെ	-	325 പൈസ/യൂണിറ്റ്
301 യൂണിറ്റിന് മുകളിൽ	-	425 പൈസ/യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly